(12) മഞ്ചേശ്വരത്ത് നടത്തിവരുന്ന പോത്ത് ഓട്ട മത്സരത്തിന് സാമ്പത്തിക സഹായം

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, കേരള, കർണാടക സംസ്ഥാനങ്ങളുടെ അതിർത്തിയും കന്നട, തുളു സംസ്ക്കാരം നടപ്പിലാക്കിവരുന്നതുമായ പ്രദേശമാണ് മഞ്ചേശ്വരം. കർണാടക സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും നടത്തി വരുന്നതുപോലെ മഞ്ചേശ്വരത്തും പോത്ത് ഓട്ടമത്സരം നടത്തി വരികയാണ്. പോത്ത് ഓട്ടമത്സരം മധ്യ-ഉത്തര കേരളത്തിലെ കർഷകരുടെ ഒരു സംസ്കാരിക മഹോത്സമാണ്. മഞ്ചേശ്വരത്ത് എല്ലാവർഷവും കർഷകർ പോത്ത് ഓട്ടമത്സരം നടത്തുകയാണ്. വിവിധ ഭാഷകളും സംസ്ക്കാരങ്ങളും നില നിൽക്കുന്ന അവിടെ ജാതിമതഭേദമന്യേ സംഘടിപ്പിക്കുന്ന മഹോത്സവമാണ് പോത്ത് ഓട്ടമത്സരം. പ്രസ്തുത മത്സരം ഇപ്പോൾ സംഘടിപ്പിച്ചു വരുന്നത് മഞ്ചേശ്വരം കമ്പോള സമിതിയാണ്. വളരെവലിയ സാമ്പത്തിക ഭാരം വരുന്ന ഈ മഹോത്സവത്തിൽ പതിനായിരങ്ങൾ ആവേശപൂർവ്വം പങ്കെടുക്കുന്നു. ഇന്നത്തെ നിലയിൽ കൃഷിക്കാർക്ക് താങ്ങാനാവാത്തതും അതേയവസരത്തിൽ അവിടത്തെ സംസ്ക്കാരമനുസരിച്ച് ഒഴിവാക്കാൻ പറ്റാത്തതുമായ മഹോത്സവം ആവേശപൂർവ്വം നടത്താൻ സർക്കാർ നല്ലൊരു സാമ്പത്തിക സഹായം നൽകി സഹായിക്കണമെന്ന് കൃഷി വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു. പോത്ത് ഓട്ട മത്സരം ഇപ്പോൾ മഞ്ചേശ്വരം പുഴയിലാണ് നടത്തുന്നത്. ഭാരിച്ച ചെലവുവരുന്ന താൽക്കാലിക ട്രാക്ക് നിർമ്മിച്ചാണ് മത്സരത്തിന് വേദിയൊരുക്കുന്നത്. ഓരോ വർഷവും ട്രാക്കുണ്ടാക്കുന്നത് ഒഴിവാക്കാനും ഇതിനുവേണ്ടിവരുന്ന ഭാരിച്ച ചെലവ് ഒഴിവാക്കാനും സ്ഥിരം ട്രാക്ക് നിർമ്മിക്കുന്നതിനുമായി ആവശ്യമായ സർക്കാർ സ്ഥലം മഞ്ചേശ്വരം കമ്പോള സമിതിക്ക് പതിച്ചുനൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്കും ഇതുസംബന്ധിച്ച് നിവേദനം നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ഇവിടെ ബഹുമാന്യനായ ശ്രീ. ചെർക്കളം അബ്ദുള്ള ഉന്നയിച്ച പ്രശ്നത്തിൽ പോത്തോട്ടം തുളുനാടൻ കർഷകസംസ്ക്കാരത്തിന്റെ ഭാഗമാണ്. അത് സംരക്ഷിക്കപ്പെടേണ്ടത് വളരെ അത്യാവശ്യമാണ്. ഇപ്പോൾത്തന്നെ മധ്യതിരുവിതാംകൂറിലൊക്കെ കാളകളെ ഉപയോഗിച്ചുള്ള മത്സരങ്ങളാണ് നടക്കുന്നത്. അതുകൊണ്ട് ഈ മത്സരം ഒരു തുളനാടൻ കർഷക സംസ്ക്കാരത്തിന്റെ ഭാഗമായതുകൊണ്ട് അതിനെ നിലനിർത്തേണ്ടത് ആവശ്യമാണ്. പക്ഷേ ഇതിനോടൊന്നും ക്രൂരത കാണിക്കാൻ പാടില്ല. പോത്തുകളെ ഓടിച്ച് അതിനോടൊന്നും ക്രൂരത കാണിക്കരുത്. അതിനൊരു സാമ്പത്തിക സഹായം ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. പക്ഷേ ട്രാക്കിന്റെ കാര്യം കൃഷിവകുപ്പുമാത്രം തീരുമാനിക്കേണ്ട പ്രശ്നമല്ല. സ്പോർട്ട്സ് വകുപ്പുമന്ത്രി ബഹുമാന്യനായ വി. സി. കബീറുമായി ശ്രീ. ചെർക്കളം അബ്ദുള്ള ബന്ധപ്പെട്ട് അതിനെന്തെങ്കിലും സംവിധാനം ചെയ്യാൻ കഴിയുമോ എന്നതിനെ കുറിച്ചുകൂടി ആലോചിക്കണം. ഞാനും അദ്ദേഹവുമായി ബന്ധപ്പെടാൻ തയ്യാറാണ്. റവന്യൂ വകുപ്പുമന്ത്രിയുമായും ഈ കാര്യം ആലോചിക്കാനായി തയ്യാറാണ്. സാമ്പത്തിക സഹായം ഈ വർഷം ഉറപ്പായിട്ടും ലഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly